സ്കൂളുകൾക്ക് അംഗീകാരം നൽകാൻ നടപടി

81 [2971] ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ജില്ല തിരിച്ചുള്ള വിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) അംഗീകാരമില്ലാതെ പ്രവർത്തിച്ചുവരുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) അംഗീകാരമില്ലാത്ത സ്കൂളുകളുടെ കണക്കുകൾ ശേഖരിച്ചിട്ടില്ല.

(സി) സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനമെടുക്കുമ്പോൾ നിയമാനുസൃതം അപേക്ഷ സമർപ്പിക്കുന്നവർക്കു അർഹതാടിസ്ഥാനത്തിൽ അംഗീകാരം നൽകുന്നതാണ്.

സ്കൂൾ യുവജനോത്സവത്തിൽ പങ്കെടുക്കുന്ന അദ്ധ്യാപകർ മദ്യപിച്ചിട്ടില്ല എന്നുറപ്പു വരുത്തുവാൻ നടപടി

82 [2972] ശ്രീ. എം. മുരളി :
ശ്രീമതി രാധാരാഘവൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
,, വി. ഡി. സതീശൻ :
,, എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 44-ാമത് സംസ്ഥാന സ്കൂൾ യുവജനോത്സവത്തിന്റെ ഉത്തരവാദിത്വം വഹിച്ച പല അദ്ധ്യാപകരും മദ്യപിച്ചിരുന്നതായി പത്രങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒന്നാംസ്ഥാനം ലഭിച്ച കോഴിക്കോട് ജില്ലയ്ക്ക് കിട്ടേണ്ടിയിരുന്ന ട്രോഫി രണ്ടാംസ്ഥാനം ലഭിച്ച കണ്ണൂരിന് തെറ്റായി നൽകുകയുണ്ടായോ;

(സി) എങ്കിൽ ഇതിന് കാരണമെന്തെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രധാന വേദിക്ക് സമീപം സ്ത്രീകളോട് അപമര്യാദയായി പെരുമാറിയതിന്റെ പേരിൽ അറസ്റ്റ് ചെയ്യപ്പെട്ട അദ്ധ്യാപകന്റെമേൽ മദ്യപിച്ചതിന്റെ പേരിൽ ഒരു പെറ്റികേസ് ചാർജ്ജ് ചെയ്തുവോ;

(ഇ) സ്കൂൾ യുവജനോത്സവത്തിൽ പങ്കെടുക്കുന്ന ഉത്തരവാദപ്പെട്ട അദ്ധ്യാപകർ മദ്യപിച്ചിട്ടില്ല എന്നുറപ്പു വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) പോയിന്റ് അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയാണ് മുന്നിൽ വന്നത്. അതിനാൽ ഒന്നാം സ്ഥാനത്തിനുള്ള ട്രോഫി കണ്ണൂർ ജില്ലയ്ക്ക് നൽകുകയുണ്ടായി.

(ഡി) പ്രധാന വേദിക്ക് സമീപം സ്ത്രീകളോട് അപമര്യാദയായി ഏതെങ്കിലും അദ്ധ്യാപകൻ പെരുമാറുകയോ മദ്യപിച്ചതിന്റെ പേരിൽ പെറ്റികേസ് ചാർജ്ജ് ചെയ്യുകയോ ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇപ്രകാരമുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുന്നപക്ഷം കർശനമായ നടപടി കൈക്കൊള്ളുന്നതാണ്.

ഹയർ സെക്കണ്ടറി സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുവാൻ നടപടി

83 [2973] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇതിനായി കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ച തുക എത്രയാണ്;

(സി) ടി തുക ഏതെല്ലാം ആവശ്യങ്ങൾക്കായാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) സർക്കാർ സ്വീകരിച്ച നടപടികളും അനുവദിച്ച തുകയും ഉപയോഗിച്ച് ഈ സ്കൂളുകളുടെ നിലവാരം ഉദ്ദേശിച്ചതരത്തിൽ മെച്ചപ്പെടുത്താൻ കഴിഞ്ഞില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അടുത്ത സാമ്പത്തിക വർഷത്തിൽ പ്രസ്തുത ഉദ്ദേശ്യത്തിനായി ഒരു സമയബന്ധിത പദ്ധതി ആവിഷ്കരിക്കുകയും ആവശ്യമായ ഫണ്ട് അനുവദിക്കുകയും ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly